"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീമതി അഞ്ജനശ്രീ പി. ക്ക് ബി.എ.എം.എസ്. പഠനത്തിന്റെ ഭാഗമായുള്ള ഹൗസ് സർജൻസി ചെയ്യുന്നതിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.400/2026/AYUSH തീയതി,തിരുവനന്തപുരം, 15-08-2026

---

പരാമർശം:-
1. 01.06.2021 ലെ സ.ഉ.(സാധാ)നം.231/2021/AYUSH നമ്പർ ഉത്തരവ്.
2. 27.02.2026 ലെ സ.ഉ.(സാധാ) നം.113/2026/AYUSH നമ്പർ ഉത്തരവ്.
3. ശ്രീമതി അഞ്ജനശ്രീ പി. സർപ്പിച്ച 06.10.2025 ലെ ശൂന്യവേതനാവധി അപേക്ഷ.
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 06.05.2026 ലെ DISM/3076/2025-E2 നമ്പർ കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നേഴ്സ്ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അഞ്ജനശ്രീ പി. യ്ക്ക് പഠനാവശ്യത്തിനായി 15.12.2020 മുതൽ 14.12.2025 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1, ചട്ടം 88 അനുസരിച്ച് പരാമർശം (1) പ്രകാരം പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത 19/08/2025 മുതൽ 14/12/2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്തു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നഴ്സ് ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീമതി അഞ്ജനശ്രീ പി. ബി.എ.എം.എസ്. പഠനം കഴിഞ്ഞ് ഹൗസ് സർജൻസി ചെയ്യുന്നതിനായി 07-10-2025 മുതൽ 09-10-2026 വരെ ശൂന്യവേതനാവധി അനുവദിച്ചുനൽകുന്നതിന് പരാമാർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, ശുപാർശ സഹിതം, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നഴ്സ് ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീമതി അഞ്ജനശ്രീ പി. പരാമർശം (3) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശയുടെ

അടിസ്ഥാനത്തിൽ, പരിഗണിച്ച് ടിയാൾക്ക് ബി.എ.എം.എസ്. പഠനത്തിന്റെ ഭാഗമായുള്ള ഹൗസ് സർജൻസി ചെയ്യുന്നതിനായി 07/10/2025 മുതൽ 09/10/2026 വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VIJAIRAJ J

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി അഞ്ജനശ്രീ പി., നഴ്സ് ഗ്രേഡ് 2, ഗവൺമെന്റ് ആയുർവേദ ആശുപത്രി, കടയ്ക്കാവൂർ, തിരുവനന്തപുരം (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/120/2026-AYUSH)

ഉത്തരവിൻ പ്രകാരം

Digitally signed by
Swopna Raj
Date: 17-08-2026
11:23:53

സെക്ഷൻ ഓഫീസർ